**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4797** **20-07-2022 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമാക്കാനും കാര്യക്ഷമമാക്കാനും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ കീഴിൽ നടക്കുന്ന നിർമ്മാണപ്രവൃത്തികൾ കാര്യക്ഷമമായ മേൽനോട്ടം വഴി സമയ ബന്ധിതമായും കാര്യക്ഷമമായും നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. PMS website ൽ എല്ലാ പ്രവൃത്തികളുടെയും പുരോഗതി ഉൾപ്പെടുത്തുകയും സർക്കാർ തലത്തിലും ഉദ്യോഗസ്ഥതലത്തിലും കാര്യക്ഷമമായി മോണിറ്ററിംഗ് നടത്തുകയും ചെയ്തു വരുന്നു. ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആരംഭം വേഗത്തിലാക്കുന്നതിനായി, പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ, രൂപകൽപ്പന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതി നൽകൽ, സാങ്കേതികാനുമതി നൽകൽ, ടെണ്ടർ, കരാർ നൽകൽ, പ്രവൃത്തിയുടെ ആരംഭം എന്നിവ സംബന്ധിച്ച് സമയ ക്രമം പാലിക്കുന്നതിനായി പ്രവർത്തന കലണ്ടർ സജ്ജമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലമേറ്റെടുക്കൽ, പ്രതികൂല കാലാവസ്ഥ മൂലം പ്രവൃത്തി തടസ്സപ്പെടുന്നതിനാൽ പാലം നിർമ്മാണത്തിൽ കാലതാമസം നേരിടുന്നുണ്ട്. നിലവിലെ എസ്.ബിഡിയിൽ പ്രവൃത്തിയുടെ പ്രോഗാം ചാർട്ട്/ മൈൽസ്റ്റോൺ എന്നിവ ഉൾപെടുത്തിയിട്ടുണ്ട്. |
| (ബി) | പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ തുടരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (ബി) | പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്. പ്രതികൂല കാലാവസ്ഥ, അപ്രതീക്ഷിതമായുണ്ടാകുന്ന വെള്ളപ്പൊക്കം, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഭൂവുടമകൾ നടത്തുന്ന കോടതി വ്യവഹാരം എന്നിവ പാലം നിർമ്മാണത്തിന്റെ ഗതിവേഗത്തെ ബാധിക്കുന്നുണ്ട്. സ്ഥലമേറ്റെടുക്കൽ, ജല അതോറിറ്റി, വൈദ്യുതി ബോർഡ് തുടങ്ങിയ വകുപ്പുകളുടെ യൂട്ടിലിറ്റികൾ മാറ്റുന്നതിൽ ഉണ്ടാകുന്ന കാലതാമസം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനായി വകുപ്പുതലത്തിൽ ഏകോപനം ഉറപ്പാക്കുന്നതിന് ഡിഐഎസിസി യോഗങ്ങൾ, കോൺസ്റ്റിറ്റുവൻസി മോണിറ്ററിംഗ് ടീം യോഗങ്ങൾ എന്നിവയിലൂടെ സാധിക്കുന്നുണ്ട്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഡിഐഎസിസി യോഗങ്ങൾ നടത്തി പ്രവൃത്തികളുടെ നിർമ്മാണങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാലങ്ങളുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനും അതിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ